സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ

നമ്പർ 390/2010 ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)

വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ

ആരൂഢനായിരിക്കുന്ന

## പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ

## മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,

ദൈവകൃപയാൽ 2010 മെയ് 12-ാം തീയതി പൗരസ്ത്യ കാതോലിക്കായുടെ ആസ്ഥാന ദേവാലയമായ കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് മെത്രാപ്പോലീത്താമാരായി വാഴിക്കപ്പെട്ട മേൽപ്പട്ടക്കാരെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടന 64-ാം വകുപ്പ് അനുശാസിക്കുന്ന പ്രകാരം 2010 ഓഗസ്റ്റ് മാസം 03-ാം തീയതി സമ്മേളിച്ച അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ ആലോചനയോടും, 2010 ഓഗസ്റ്റ് 03-ാം തീയതി ഉച്ചകഴിഞ്ഞ് സമ്മേളിച്ച പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ശുപാർശ അനുസരിച്ചും താഴെപ്പറയുന്ന പ്രകാരം മെത്രാസനാധിപന്മാരായി നിയമിച്ചിരിക്കുന്നു.

1. അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദിമത്രിയോസ് മെത്രാപ്പോലീത്താ- ഡൽഹി മെത്രാസന സഹായ മെത്രാപ്പോലീത്താ
2. അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ - കൊട്ടാരക്കര-പുനലൂർ മെത്രാസനം
3. അഭിവന്ദ്യ യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലീത്താ - ബ്രഹ്മവാർ മെത്രാസനം
4. അഭിവന്ദ്യ ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്താ-നിലയ്ക്കൽ മെത്രാസനം
5. അഭിവന്ദ്യ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ-അടൂർ-കടമ്പനാട് മെത്രാസനം
6. അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ -അഹമ്മദാബാദ് മെത്രാസനം
7. അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ - ബാംഗ്ളൂർ മെത്രാസനം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടനയ്ക്കു വിധേയമായും. പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ നിശ്ചയങ്ങൾ അനുസരിച്ചും ബലഹീനനായ നമ്മുടെ കല്പനകൾക്ക് വിധേയമായും പുതിയ മെത്രാപ്പോലീത്താമാർ മെത്രാസന ഭരണം നിർവ്വഹിക്കേണ്ടതാണ്. പ. സഭയുടെ അഭ്യുന്നതിക്കും, ദൈവനാമ മഹത്വത്തിനും, പ. സഭാ മക്കളുടെ ആത്മീയോൽക്കർഷത്തിനും പുതിയ മെത്രാപ്പോലീത്താമാരുടെ ശുശ്രൂഷ ഉതകുമാറാകട്ടെ. ഈ കല്പന 2010 ഓഗസ്റ്റ് മാസം 15-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

2010 ഓഗസ്റ്റ് മാസം 04 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

PDF created with pdfFactory Pro trial version www.pdffactory.com